# അബുദാബി ഡയലോഗിന്റെ ഏഴാമത് മന്ത്രിതല സംഭാഷണങ്ങൾക്കായി സെക്രട്ടറി (CPV, OIA) ദുബായ് സന്ദർശിച്ചു (ഫെബ്രുവരി 10-11, 2024)

ഫെബ്രുവരി 11, 2024

2024 ഫെബ്രുവരി 10-11 തീയതികളിൽ ദുബായിൽ വച്ച് നടന്ന അബുദാബി ഡയലോഗിന്റെ ഏഴാമത് മന്ത്രിതല സംഭാഷണങ്ങളിൽ സെക്രട്ടറി (CPV & OIA) ശ്രീ. മുകേഷ് പർദേശി ഇന്ത്യൻ പ്രതിനിധി സംഘത്തെ നയിച്ചു. വിദേശകാര്യ മന്ത്രാലയത്തിലും നൈപുണ്യ വികസന, സംരംഭകത്വ മന്ത്രാലയത്തിലും നിന്നുള്ള ഉദ്യോഗസ്ഥരും അദ്ദേഹത്തെ അനുഗമിച്ചിരുന്നു.

2008-ൽ തുടക്കം കുറിച്ച അബുദാബി ഡയലോഗ്, തൊഴിലാളി വിഭവ ശേഷിയുള്ള 11 ഏഷ്യൻ രാജ്യങ്ങളും 7 ലക്ഷ്യസ്ഥാന രാജ്യങ്ങളും തമ്മിലുള്ള ഒരു പ്രാദേശികമായ, സ്വമേധയായുള്ള, മറയില്ലാത്ത സംഭാഷണ പ്രക്രിയയാണ്. കരാർ തൊഴിൽ മൊബിലിറ്റി, മികച്ച പരിചയസമ്പത്ത് പങ്കിടൽ, മറ്റൊരാളുടെ പരിചയസമ്പത്തിൽ നിന്ന് പഠിക്കൽ എന്നിവയിലുള്ള പ്രാദേശിക സഹകരണം സുഗമമാക്കുന്നതിനുള്ള ഒരു വേദിയായി ഇത് പ്രവർത്തിക്കുന്നു.

സുരക്ഷിതവും ക്രമപ്രകാരവും നിയമപരവുമായ കുടിയേറ്റത്തെ പ്രോത്സാഹിപ്പിക്കുന്ന ഭാരത സർക്കാർ നയത്തിന്റെ അവിഭാജ്യ ഭാഗമാണ് അബുദാബി ഡയലോഗിലുള്ള ഇന്ത്യൻ സാന്നിധ്യം.

അബുദാബി ഡയലോഗിന്റെ ഭാഗമായി, യുഎഇ മാനവ വിഭവ, എമിറേറ്റൈസേഷൻ മന്ത്രിയുമായി, യുഎഇയിലുള്ള ഇന്ത്യൻ കുടിയേറ്റ തൊഴിലാളികളുടെ ക്ഷേമം ഉറപ്പാക്കാൻ രണ്ട് സർക്കാരുകളും സ്വീകരിച്ച വിവിധങ്ങളായ നടപടികളെ കുറിച്ച് സെക്രട്ടറി (CPV & OIA) ചർച്ച നടത്തി.

സന്ദർശന വേളയിൽ, ദുബായിലെ ഇന്ത്യൻ സമൂഹ സംഘടനകളുമായി സംഭാഷണം നടത്തിയ സെക്രട്ടറി (CPV & OIA) ദുബായിലെ കോൺസുലാർ സർവീസ് സെന്ററുകളും സന്ദർശിച്ചു.

**ന്യൂഡൽഹി**
**ഫെബ്രുവരി 11, 2024**